


റവ. ഫാ. ഗ്രേഷ്യസ് പുളിമൂട്ടിൽ

ഹൃദയം പുൽക്കൂടാക്കുവാൻ പുണ്യപ്രവർത്തികളിലൂടെ സഭാമക്കൾക്ക് അത്യുത്തമ ജന്മഗൃഹം ഉദരത്തിലൊരുക്കിയ അമലമനോഹരിയായ പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാളിന്റെ മംഗളാശംസകൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

സുന്ദരമായതിനെയെല്ലാം സ്വന്തമാക്കാൻ സ്വാർത്ഥമനസ്സോടെ മത്സരിക്കുന്ന മനുഷ്യമനസ്സുകൾക്കു മുമ്പിൽ ആന്തരിക സൗന്ദര്യമാണ് അഭിലഷണീയമെന്ന് അമലമനോഹരിയായ അമ്മ പഠിപ്പിക്കുന്നു. പരിശുദ്ധ അമ്മ മനോഹരിയാണ്. അവൾ അമലയാണ്, നിർമ്മലയാണ്, കളങ്കമില്ലാത്തവളാണ്. അമ്മയുടെ അമലമനോഹാരിത രണ്ടു തലങ്ങളിലാണ്. ഒന്നാമതായി അവർ അമലോത്ഭവയാണ്. ജന്മപാപമില്ലാതെ ജനിച്ചവൾ, ദൈവത്താൽ ദൈവപുത്രന് ജന്മഗൃഹമാകുവാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവൾ, വിശുദ്ധീകരിക്കപ്പെട്ടവൾ. അതിനു ദാനമായത് ദൈവത്തിന്റെ മനോഭാവമാണ്. കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മനോഭാവം. അങ്ങനെ ദൈവമനോഭാവത്താൽ അമ്മയുടെ ജന്മം തന്നെ അമലമനോഹരമായിത്തീരുന്നു.

രണ്ടാമതായി അവൾ ജീവിതത്തിലും മനോഹരിയാണ്. ഏതൊരമ്മയ്ക്കും മാതൃകയാകാൻ തക്ക സ്ത്രീത്വവും മാതൃത്വവും മനോഭാവങ്ങളിലൂടെ ജീവിച്ചുകാണിച്ചു എന്നതാണ് ഇന്ന് നമുക്ക് മുമ്പിൽ പരിശുദ്ധ അമ്മ ഉയർത്തുന്ന ധീരമായ വെല്ലുവിളി.

ഒരിക്കൽ ശിഷ്യൻ ഗുരുവിനോട് ചോദിച്ചു: നിർമ്മലനായി ജീവിക്കുവാൻ ഞാൻ ആദ്യം എന്തു ചെയ്യണം? നിശബ്ദമായ ദിനങ്ങൾക്കു

ശേഷം ഒരു ദിവസം ഗുരു ശിഷ്യനെ വിളിച്ച് അവന്റെ കൈയ്യിൽ ഒരു സ്വർണ്ണനാണയവും വെള്ളിനാണയവും ചെമ്പുനാണയവും വച്ചു കൊടുത്തിട്ട് പറഞ്ഞു "നീ ഈ മൂന്നു നാണയങ്ങളിൽ രണ്ടെണ്ണം നിനക്ക് വീണ്ടെടുക്കാൻ പറ്റാത്ത ദൂരത്തേയ്ക്ക് എറിഞ്ഞു കളയുക, ശേഷിക്കുന്നത് നീ സ്വന്തമാക്കിക്കൊള്ളുക." ഗുരുവിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച് തിരിച്ചുവന്ന ശിഷ്യനോട് ഗുരു ചോദിച്ചു: "നീ ഏത് നാണയമാണ് സ്വന്തമാക്കിയത്? എന്തുകൊണ്ട്? ശിഷ്യൻ പറഞ്ഞു: "സ്വർണ്ണനാണയം, കാരണം അതിനാണ് മൂല്യമേറിയത് എന്ന് എനിക്കറിയാം." ഗുരു പറഞ്ഞു: ശരിയാണ്, നിർമ്മലമായ ജീവിതം നയിക്കാൻ ആദ്യം നീ നിന്റെ ജീവിതത്തിന്റെ മൂല്യം മനസ്സിലാക്കണം. ജീവിതത്തെ വിലയില്ലാത്തതായി കണ്ടാൽ നാം അത് വീണ്ടെടുക്കാൻ സാധിക്കാത്തവിധം നശിപ്പിച്ചുകളയും. ജീവിതത്തിന് മൂല്യമുണ്ടെന്ന തിരിച്ചറിവാണ് നിർമ്മലമായി ജീവിക്കാൻ ആദ്യം ഉണ്ടാകേണ്ടത്.

ഗബ്രിയേൽ മാലാഖയുടെ ആവശ്യത്തിന് സ്വന്തം ജീവിതം വച്ചു നീട്ടുമ്പോൾ ആ ജീവിതത്തിന്റെ വില അറിഞ്ഞവളാണ് പരിശുദ്ധ അമ്മ. ദേവാലയത്തിൽ വളർന്നപ്പോൾ പ്രാർത്ഥനയാലും പുണ്യങ്ങളാലും സ്വന്തം ജീവിതത്തെ നിർമ്മലമാക്കി സൂക്ഷിച്ചവൾ, കർമ്മ മണ്ഡലങ്ങളിൽ കർത്താവിനോട് ചേർന്നു നിന്നുകൊണ്ട് സ്വന്തം ജീവിതത്തിന് നിറമേകിയവൾ, പുത്രന്റെ ദൗത്യത്തിന് താങ്ങും തണലുമായി കുരിശിൻ ചുവടുവരെ അനുഗമിച്ചവൾ, തകർന്ന ശിഷ്യജീവിതങ്ങൾക്ക് പ്രത്യാശയുടെ പിടിവള്ളിയായി തീർന്നവൾ, ഉടലോടെ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് മാധ്യസ്ഥമേകുന്നവൾ - അമ്മയുടെ ജീവിതം ഇത്രമാത്രം മൂല്യമുള്ളതാണ്. അതുകൊണ്ടാണ് സർവ്വതും ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് അവൾ പൊഴിച്ച സഹനത്തിന്റെ കണ്ണുനീർത്തുള്ളികൾ മകന്റെ കുരിശിൽ ചൊരിഞ്ഞ ലോകരക്ഷയുടെ രക്തതുള്ളികളോട് ചേർക്കപ്പെട്ടത്. സ്വന്തം ജീവിതത്തെ സ്നേഹിക്കാതെ, വില കൽപ്പിക്കാതെ ലഹരിപദാർത്ഥങ്ങൾക്കും സുഖലോലുപതയ്ക്കും പാപമാർഗ്ഗങ്ങൾക്കും ബലി കഴിക്കുന്ന ഇന്നിന്റെ യുവജീവിതങ്ങൾക്ക് അമ്മ തുണയാവട്ടെ. സ്വന്തം കുടുംബത്തിനും കുടുംബാംഗങ്ങൾക്കുമായി കണ്ണുനീർപൊഴിക്കുന്ന അനേകം അമ്മമാരുടെ കണ്ണുനീർത്തുള്ളികൾ രക്ഷകന്റെ രക്തതുള്ളികളോട് ചേർക്കപ്പെട്ട രക്ഷാകര അനുഭവമായി തീരുവാൻ പരിശുദ്ധ അമ്മ നമ്മെ അനുഗ്രഹിക്കട്ടെ.

ജീവിതം അമല മനോഹരമാക്കാൻ അമ്മ പഠിപ്പിക്കുന്ന രണ്ടാമത്തെ പാഠം എന്റെ ജന്മം ദൈവനിഷ്ഠമായി കരുതുക എന്നതാണ്. "ഇതാ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം നിറവേറട്ടെ" എന്ന സ്വയം സമർപ്പണം ജീവിതത്തിൽ ദൈവിക ഇടപെടലിന്റെ ആവശ്യകതയിലേയ്ക്കുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ്. "മനുഷ്യദുഃഖങ്ങൾക്കു കാരണം, തൃഷ്ണയാണ് എന്ന് ശ്രീബുദ്ധൻ പറഞ്ഞുവയ്ക്കുന്നുണ്ട്. ജീവിതയാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ മനുഷ്യ ജീവിതങ്ങൾ നിരാശയിൽ നിറയുന്ന ഈ കാലഘട്ടത്തിൽ, കാനായിലെ കല്യാണവിരുന്നിൽ 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന അമ്മയുടെ വാക്കുകൾ പരാജിതയായ ഒരു അമ്മയുടെ രോദനമല്ല. മറിച്ച് ദൈവീഷ്ടത്തോട് സ്വന്തം ഇഷ്ടങ്ങൾ ചേർത്തുവച്ച് അത്ഭുതങ്ങൾക്ക് വഴിയൊരുക്കുന്ന ഒരു വിപ്ലവകരമായ മനോഭാവത്തിന്റെ നേർസാക്ഷ്യമാണ്. പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽ വച്ച് മകനെ വീണ്ടുകിട്ടിയപ്പോൾ അവൻ പറഞ്ഞ മറുപടി ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചതിന്റെ അനുഗ്രഹീത ഫലമാണ് കാനായിൽ കാണുന്നത്. സമൂഹത്തിന്റെ കുത്തുവാക്കുകൾക്ക് മുമ്പിലും പുത്രന്റെ സഹനയാത്രയ്ക്കു മുമ്പിലും ശിഷ്യന്മാരുടെ ആത്മവിശ്വാസ തകർച്ചയിലും അമ്മയെ ധൈര്യമാക്കിയതും അമലയായി നിലനിർത്തിയതും ജീവിതാനുഭവങ്ങളെ ദൈവവിപ്ലവത്തിന്റെ കണ്ണുകളിൽ കൂടി കണ്ട അമ്മയുടെ മനോഭാവമാണ്.

'താണനിലത്തെ നീരോടൂ' എന്ന പഴഞ്ചൊല്ല് പരിചിതമാണ്. നീരോട്ടമുള്ളിടത്തെ പച്ചപ്പ് ഉണ്ടാകൂ എന്നതും യാഥാർത്ഥ്യം. 'അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു' എന്ന പരിശുദ്ധ അമ്മയുടെ വാക്കുകളിൽ അവളുടെ ജീവിതത്തിൽ ദൈവാനുഗ്രഹം ആന്തരിക സഹനത്തിന്റെ പച്ചപ്പ് നിറച്ചു എന്ന് കാണിക്കുന്നു. വീട്ടിൽ സ്ഥാനം തെറ്റിയിരിക്കുന്ന ഏതെങ്കിലും വസ്തുക്കളുടെ പേരിൽ അപ്പൻ ദേഷ്യത്തോടെ 'ആരാണിത് ഇവിടെ കൊണ്ടുവച്ചിരിക്കുന്നത്' എന്ന് ചോദിക്കുമ്പോൾ 'ഞാനാണ്' എന്ന് പറഞ്ഞ് പുറത്തുനിന്ന് ഓടിയെത്തി വഴക്ക് മേടിച്ച് മടങ്ങുന്ന എന്റെ അമ്മ എന്നും ഒരു ഓർമ്മയായി എന്റെ ഉള്ളിലുണ്ട്. ഞാൻ ചെയ്ത തെറ്റുകൾക്ക് വഴക്ക് മേടിക്കുന്ന എന്റെ അമ്മ. അന്ന്, എന്റെ അമ്മ എനിക്ക് ഒരു അത്ഭുതചോദ്യമായിരുന്നെങ്കിൽ ഇന്ന് തികച്ചും ഒരു പാഠമാണ്.

എളിമയെന്ന പുണ്യം പഠിപ്പിക്കുന്ന ഒരു പാഠം മാത്രമാണ് നമ്മുടെയൊക്കെ അമ്മമാരെങ്കിൽ, പരിശുദ്ധ അമ്മ അതിന്റെ പാഠപുസ്തകം തന്നെ. ജീവിതത്തിന്റെ സൗന്ദര്യം എളിമയുടെ ജീവിതത്തിലൂടെയാണെന്ന് ദൈവത്തിന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടവൾ ചാർച്ചക്കാരിയുടെ ദാസിയായി തീർന്നുകൊണ്ട് കാട്ടിത്തന്നു. അഹങ്കാരികളെ ചിതറിക്കുന്ന, എളിയവരെ ഉയർത്തുന്ന, ദൈവനീതിയ്ക്ക് മുമ്പിലാണ് അടുത്ത നിമിഷത്തിൽ 'എന്ത്' എന്നറിയാത്ത മനുഷ്യൻ എന്തൊക്കെയോ ആണെന്ന ചിന്തയോടെ ദൈവത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ചില ബാബേൽഗോപുരങ്ങൾ നിർമ്മിക്കുന്നത് എന്ന് ഓർമ്മിച്ചുകൊള്ളുക.

ജന്മംകൊണ്ടും ജീവിതംകൊണ്ടും അമലമനോഹരിയാണ് അമ്മ. ദൈവ മനോഭാവം ജീവിതമാക്കിയവൾ. വിലയുള്ള ജീവിതത്തെ വിലയേറിയവനിൽ ലയിപ്പിച്ച്, വിനയത്തോടെ ജീവിതം സുന്ദരമാക്കിയവൾ. മാനത്തെ മഴവില്ല് കണ്ട് ശിഷ്യൻ പറഞ്ഞു 'എത്ര മനോഹരമായി ആ മഴവില്ല്.' ഗുരു തിരുത്തി. സഹജീവിയുടെ കണ്ണീർത്തുള്ളിയിൽ, നിന്റെ കാരുണ്യകിരണങ്ങൾ പതിക്കുമ്പോഴുണ്ടാകുന്ന പ്രത്യാശയുടെ മഴവില്ലിന് വരില്ല ഇതിന്റെ മനോഹാരിത. മനോഹാരിത ഇനി ഉണ്ടാവേണ്ടത് മായാലോകത്തിലല്ല, മറിച്ച് മനുഷ്യഹൃദയങ്ങളിലാണ്, ശരിയായ മനോഭാവം നിറയുന്ന കണ്ണുകളിലാണ്.

ജീവിതം അമലമനോഹരമാക്കാൻ അമലോത്ഭവ മാതാവിന്റെ നല്ല മനോഗുണങ്ങൾ നമുക്ക് പ്രചോദനമാവട്ടെ. ◆

